**പ്രസിദ്ധീകരണത്തിന്**

ഇന്നത്തെ ദേശാഭിമാനിപത്രത്തിൽ 'സമുദായസംഘടനകളും ജനവിധിയും' എന്ന തലക്കെട്ടോടുകൂടി എ. വിജയരാഘവന്റേതായിവന്ന ലേഖനം മറുപടി അർഹിക്കുന്നില്ലെങ്കിലും അതിൽ അടങ്ങിയിട്ടുള്ള പൊള്ളത്തരം ജനങ്ങളെ അറിയിക്കേണ്ട ബാധ്യത ഉള്ളതുകൊണ്ടാണ് പ്രതികരിക്കുന്നത്.

"വർഗ്ഗീയധ്രുവീകരണവും സാമ്പത്തികപരിഷ്കാരവും സ്വന്തം സമുദായത്തെ എങ്ങനെ ബാധിക്കുമെന്ന് എൻ.എസ്.എസ്സിനെപ്പോലുള്ള സമുദായസംഘടനകൾ നോക്കുന്നില്ല. ആർ.എസ്.എസ്സിന്റെ തീവ്രഹിന്ദുത്വപദ്ധതിയുമായും സാമ്പത്തികഉദാരവല്ക്കരണവുമായും സഹകരിക്കുന്ന പ്രതിലോമരാഷ്ട്രീയത്തിന്റെ വാലാകാൻ സമുദായസംഘടനകൾ ശ്രമിക്കുന്നത് അവർ പ്രതിനിധാനം ചെയ്യുന്ന സമുദായത്തിലെ പാവപ്പെട്ടവരുടെയും സാധാരണക്കാരുടെയും താല്പര്യത്തിന് എതിരായിരിക്കും എന്ന് സുകുമാരൻനായരെപ്പോലുള്ള നേതാക്കൾ മനസ്സിലാക്കണം" എന്നാണ് ലേഖനത്തിലെ പരാമർശം.

ഈ വളഞ്ഞവഴിയിലൂടെയുള്ള ഉപദേശം എൻ.എസ്.എസ്സിനോടു വേണ്ടായിരുന്നു.

വർഗ്ഗീയധ്രുവീകരണത്തിന് ഇടനല്കാതെയും സാമ്പത്തികപരിഷ്കാരങ്ങൾ സംബന്ധിച്ചുള്ള കാര്യങ്ങളിൽ പരമാവധി സഹകരണം നല്കിയും ഉള്ള ഒരു സമീപനമാണ് എൻ.എസ്.എസ്. ആരംഭിച്ച കാലം മുതൽ സ്വീകരിച്ചുവരുന്നത് എന്ന കാര്യം ലേഖകന് ഒരുപക്ഷേ അറിയില്ലായിരിക്കും.

എല്ലാ രാഷ്ട്രീയപ്പാർട്ടികളുമായും ആർ.എസ്.എസ്. പോലെയുള്ള സംഘടനകളുമായും സൗഹൃദം പങ്കിടുന്നതോടൊപ്പം എല്ലാവരുമായും തുല്യഅകലം പാലിച്ചുകൊണ്ട്, ഒരു സമുദായസംഘടനയാണെങ്കിൽകൂടിയും ഒരു സാമൂഹ്യസംഘടനയായി പ്രവർത്തിക്കുന്ന എൻ.എസ്.എസ്സിനെ രാഷ്ട്രീയവുമായി ബന്ധപ്പെടുത്തി വിമർശിക്കാൻ ലേഖകൻ തയ്യാറായത് എൻ.എസ്.എസ്സിനെക്കുറിച്ചുള്ള അജ്ഞതകൊണ്ടും കേരളചരിത്രം പഠിക്കാത്തതുകൊണ്ടുമാണെന്ന് പറയേണ്ടിവരുന്നു.

മുന്നാക്കവിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് 10 ശതമാനം സംവരണം ആദ്യം നടപ്പിലാക്കിയത് കേരളത്തിലാണെന്നാണ് കൊട്ടിഘോഷിക്കുന്നത്. 10 ശതമാനം സാമ്പത്തികസംവരണം ഒരു ഭരണഘടനാഭേദഗതിയിലൂടെ രാജ്യമൊട്ടാകെ നടപ്പാക്കാൻ കേന്ദ്രഗവണ്മെന്റ് തയ്യാറായ സാഹചര്യത്തിൽ രാജ്യത്തെ എല്ലാ സംസ്ഥാനങ്ങൾക്കും അത് നടപ്പാക്കാനുള്ള ബാധ്യതയുണ്ട്. ഈ സാമ്പത്തികസംവരണം ഇന്ത്യൻ ഭരണഘടനാഭേദഗതി പ്രകാരം 2019 ജനുവരി ആദ്യമാണ് രാജ്യത്ത് നിലവിൽവന്നത്. രണ്ടുവർഷത്തോളം കഴിഞ്ഞാണ് കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് റൂളിൽ ഭേദഗതി വരുത്തി 23.10.2020-ൽ 10% സംവരണം സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ട് ഉത്തരവായത്. എന്നാൽ ഇപ്പോഴും ഈ സംവരണത്തിന്റെ പ്രയോജനം അർഹരായവർക്ക് യഥാവിധി ലഭിക്കാൻ വ്യവസ്ഥ ഉണ്ടായിട്ടുണ്ടോയെന്ന് ബന്ധപ്പെട്ടവർ ആത്മപരിശോധന നടത്തണം.

എൻ.എസ്.എസ്. അന്യായമായ ഒരു ആവശ്യവും ഒരു സർക്കാരിനോടും ഉന്നയിക്കാറില്ല. എൻ.എസ്.എസ്സിനു വേണ്ടി ഈ സർക്കാരിനോട് ആവശ്യപ്പെട്ടത് മന്നത്തു പത്മനാഭന്റെ ജന്മദിനമായ ജനുവരി 2 നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ടിന്റെ പരിധിയിൽ വരുന്ന അവധിയായിക്കൂടി പ്രഖ്യാപിക്കണമെന്നു മാത്രമാണ്. വെറും മുടന്തൻ ന്യായം പറഞ്ഞ് സർക്കാർ ആ ആവശ്യം തള്ളുകയായിരുന്നു. വിശ്വാസസംരക്ഷണവും മുന്നാക്കസംവരണവുമൊക്കെ എൻ.എസ്.എസ്സിന്റെ മാത്രം ആവശ്യമല്ല, പൊതുസമൂഹത്തെ ബാധിക്കുന്നവയാണ്. ഇക്കാര്യങ്ങളിലും ഒന്നുമാവാത്ത അവസ്ഥയാണുള്ളത്. എങ്കിൽപോലും, ഈ സർക്കാരിന്റെ ഭരണപരമായ കാര്യങ്ങളിലോ എതെങ്കിലും വിവാദങ്ങളിലോ ഇടപെടാനോ അഭിപ്രായം പറയാനോ എൻ.എസ്.എസ്. ശ്രമിച്ചിട്ടില്ല എന്ന കാര്യവും ഓർക്കണം.

തിരഞ്ഞെടുപ്പുദിവസം വോട്ടുചെയ്തു മടങ്ങവേ, മാധ്യമങ്ങളുടെ ചോദ്യങ്ങൾക്ക് എൻ.എസ്.എസ്. ജനറൽ സെക്രട്ടറി നല്കിയ മറുപടി വലിയ ചർച്ചയ്ക്ക് ഇടയായിപോലും. മാധ്യമങ്ങൾ ചോദിച്ചതിനു മറുപടിയായി പറഞ്ഞതിൽ രാഷ്ട്രീയമോ മതപരമോ ജാതീയമോ ആയതൊന്നും ഉണ്ടായിരുന്നില്ല എന്നതാണ് വസ്തുത. യഥാർത്ഥത്തിൽ ഈ വിഷയത്തെ ദേവനും ദേവഗണങ്ങളും ആരാധനാമൂർത്തികളും ആയി ബന്ധപ്പെടുത്തി മത-സാമുദായികപരിവേഷം നല്കിയത് മുഖ്യമന്ത്രിയുടെ തുടർന്നുള്ള വാർത്താസമ്മേളനമാണ്. അതിന്റെ ചുവടുപിടിച്ച് ഇടതുപക്ഷനേതാക്കൾ നടത്തിയ പ്രസ്താവനകളെല്ലാംതന്നെ അർഹിക്കുന്ന അവഗണനയോടെ എൻ.എസ്.എസ്. തള്ളിക്കളഞ്ഞിട്ടുള്ളതാണ്.

പെരുന്ന
16.4.2021

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി